കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്തിന് കെട്ടിട നിർമ്മാണത്തിനായി ഭൂമി

239 (1296) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്തിന് കെട്ടിട നിർമ്മാണത്തിനായി കല്ലട ഇറിഗേഷൻ വക ഭൂമി കൈമാറി കിട്ടുന്നതിലെ റവന്യൂ വകുപ്പുതല നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് ഭൂമി കൈമാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്തിനായി ശിപാർശ ചെയ്തിരുന്ന കല്ലട ഇറിഗേഷൻ വക ഭൂമി 22-12-2000-ലെ സ.ഉ.(എംഎസ്.) നമ്പർ 387/റവന്യൂ/ആർ.ഡി. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി റവന്യൂ ഭൂമിയാക്കി മാറ്റുകയും ആയത് രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി പോലീസ് വകുപ്പിന് കൈമാറുന്നതിനുള്ള പ്രൊപ്പോസൽ 30-10-2014-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

സർവ്വേ വകുപ്പിന്റെ കയ്യിലുള്ള പുറമ്പോക്ക് ഭൂമിയുടെ രേഖകൾ

240 (1297) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ വകുപ്പിന്റെ കൈയ്യിലുള്ള പുറമ്പോക്ക് ഭൂമിയുടെ രേഖകൾ പൊടിഞ്ഞുപോകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരം രേഖകൾ സൂക്ഷിക്കുന്നതിന് സർക്കാർ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ; ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഇത്തരത്തിൽ എത്രരേഖകൾ സർവ്വേ വകുപ്പിൽ നിന്ന് പൊടിഞ്ഞു പോയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത് ഏതെല്ലാമാണെന്നും എപ്പോഴൊക്കെയാണ് ഇത് പൊടിഞ്ഞു പോയതെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നാണ് സർവ്വേ ഡയറക്ടർ അറിയിച്ചിട്ടുള്ളത്.

(ബി) കാലപ്പഴക്കംകൊണ്ട് നാശം സംഭവിച്ചുകൊണ്ടിരിക്കുന്ന സർവ്വേ രേഖകൾ സംരക്ഷിക്കുന്നതിന് ഇ-രേഖ പദ്ധതിയിൽ ഉൾപ്പെടുത്തി സെൻട്രൽ സർവ്വേ ഓഫീസിലെ പഴയ സർവ്വേ റിക്കാർഡുകളുടെ സംരക്ഷണവും ഡിജിറ്റൈസേഷനും നടന്നുവരുന്നു. കൂടാതെ ജില്ലാതലത്തിൽ ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിച്ചുവരുന്നു.

(സി&ഡി) ഇ-രേഖ പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ പൂർത്തിയായാൽ പൊടിഞ്ഞുപോയ രേഖകളെ സംബന്ധിച്ച് കൃത്യമായി അറിയുവാൻ സാധിക്കും. കാലപ്പഴക്കംമൂലവും നിരന്തര ഉപയോഗംമൂലവും രേഖകൾക്ക് നാശം സംഭവിക്കുന്നതിനാൽ ഏതൊക്കെ കാലയളവിലാണ് പൊടിഞ്ഞു പോയതെന്ന് കൃത്യമായി നിർണ്ണയിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

തണ്ണീർത്തടങ്ങളും നെൽവയലുകളും നികത്തുന്നതുമായി ബന്ധപ്പെട്ട കേസുകൾ

241 (1298) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ജനുവരി മുതൽ ,തണ്ണീർതടങ്ങളും നെൽവയലുകളും നികത്തുന്നതുമായി ബന്ധപ്പെട്ട്, എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങളാണ് പിടിച്ചെടുത്തിട്ടുള്ളത് ;

(സി) പിടിച്ചെടുത്ത വാഹനങ്ങളെല്ലാം പിഴ ചുമത്തി വിട്ടു നൽകിയിട്ടുണ്ടോ ;

(ഡി) വാഹനങ്ങൾ പിടിച്ചെടുത്ത വകയിൽ പിഴയായി എത്ര രൂപ ഇതുവരെ സർക്കാരിന് ലഭ്യമായിട്ടുണ്ട് ;

(ഇ) നെൽവയലുകളും തണ്ണീർതടങ്ങളും നികത്തുന്നതിനെതിരായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly